# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL: 134/23/2 26 November 2023

## സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട വൈദീകരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗമനകാലത്തിലേക്ക് പ്രവേശിക്കുന്ന നമ്മുക്ക് സങ്കീർത്തകനോടൊപ്പം ഇപ്രകാരം പ്രാർത്ഥിക്കാം: “കർത്താവിന് നന്ദി പറയുവിൻ, എന്തെന്നാൽ അവിടുന്ന് നല്ലവനാകുന്നു, അവിടുത്തെ കാരുണ്യം അനന്തമാകുന്നു” (സങ്കീ. 107:1).

ദൈവം വസിക്കുന്നത് ആകാശങ്ങൾക്കപ്പുറത്തോ ആഴിയുടെ അടിത്തട്ടിലോ അല്ല, മറിച്ച് നമ്മിലാണ്, നമ്മുടെ കൂടെയാണ്. തിരുവചനം നമ്മെ പഠിപ്പിക്കുന്നു: “കന്യക ഗർഭം ധരിച്ച് ഒരു പത്രനെ പ്രസവിക്കും. ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും” (മത്താ. 1:22-23). നമ്മുടെ കൂടെ വസിക്കുന്ന ദൈവത്തെ കണ്ടെത്തുവാനും അനുഭവിക്കുവാനും ഉള്ള അവസരമാണ് ഈ ആഗമന കാലവും അതിനോടനുബന്ധിച്ചുള്ള നോമ്പും, പ്രാർത്ഥനയും, ഉപവാസവും. ദൈവം എന്നിൽ വസിക്കുന്നുവെന്ന ഏറ്റവും വലിയ കണ്ടെത്തലാണ് ക്രിസ്തുമസ്സ്. നമ്മിലെ ദൈവസാന്നിധ്യത്തെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നവർക്ക് സ്വന്തം കുടുംബാംഗങ്ങളിലും മറ്റുള്ളവരിലും ദൈവത്തെ കാണുന്നതിനും അനുഭവിക്കുന്നതിനും വളരെ എളുപ്പമാണ്. നമ്മോടൊപ്പം വസിക്കുന്ന ദൈവത്തിന്റെ അനന്ത കാരുണ്യത്തെ നമ്മുക്ക് നന്ദിയോടെ സ്മരിക്കുകയും സ്തുതിക്കുകയും ചെയ്യാം.

ദൈവം നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും, കുടുംബങ്ങളിലും, രൂപതയാകുന്ന കുടുംബത്തിലും വർഷിച്ചുകൊണ്ടിരിക്കുന്ന നിരവധിയായ ദാനങ്ങൾക്ക് ദൈവത്തിനു നന്ദിയർപ്പിക്കാം.

2023 മെയ് മാസം 31-ാം തീയ്യതി മെൽബൺ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി അഭിഷിക്തനായ ശേഷം നിങ്ങൾ എനിക്ക് നൽകിവരുന്ന പ്രാർത്ഥനയ്ക്കും, സ്നേഹത്തിനും, പ്രോത്സാഹനത്തിനും ഞാൻ നിങ്ങളോട് നന്ദിപറയുന്നു.

2014 മുതൽ നമ്മുടെ രൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി അക്ഷീണം പ്രവർത്തിച്ച നമ്മുടെ പ്രിയപ്പെട്ട മാർ ബോസ്കോ പിതാവിന് നിങ്ങളുടെ എല്ലാവരുടേയും പേരിൽ നന്ദിയും കടപ്പാടും അറിയിക്കുന്നു.

കഴിഞ്ഞ ഒമ്പത് വർഷത്തെ നിസ്തുലമായ സേവനത്തിനുശേഷം അഭിവന്ദ്യ ബോസ്കോ പിതാവ് ഷംഷാബാദ് രൂപതയുടെ ഒറീസ മിഷനിൽ ഒരു മിഷനറിയായി സേവനം ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ രൂപതാകുടുംബത്തിലെ അംഗമായിരിക്കെ, ഒറീസാ മിഷനിൽ സേവനമനുഷ്ഠിക്കുന്ന പിതാവിന് നമ്മുടെ പ്രാർത്ഥനകളും സർവ്വ പിന്തുണകളും നൽകാം. ദൈവം അദ്ദേഹത്തെയും ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യത്തെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

നമ്മുടെ രൂപതയുടെ വളർച്ചയിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് നമ്മുടെ പ്രിയപ്പെട്ട വൈദീകരാണ്. രൂപതാസ്ഥാപനത്തിന്റെ പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈയവസരത്തിൽ, ഒട്ടേറെ പരിമിതികളും പ്രതിബന്ധങ്ങളും തരണം ചെയ്ത് നമ്മുടെ കൂടെ നിന്നുകൊണ്ട് ഇടവകാസമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകിവരുന്ന നമ്മുടെ പ്രിയപ്പെട്ട വൈദീക സഹോദരങ്ങളെ നന്ദിയോടെ ഓർക്കുന്നു. നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

ഈ അവസരത്തിൽ നമ്മുടെ ഓരോ ഇടവകകളും മിഷനുകളും രൂപീകരിക്കാൻ അത്യദ്ധ്വാനം ചെയ്ത എല്ലാവരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി മുൻ കൈക്കാരന്മാർ, കമ്മറ്റിക്കാർ, സെക്രട്ടറിമാർ, അതുപോലെ തന്നെ ഇപ്പോൾ ഇടവകയക്ക് നേതൃത്വം നൽകുന്നവർ, മതാദ്ധ്യാപകർ, വിവിധ ഭക്ത സംഘടനകൾക്ക് നേതൃത്വം നൽകുന്നവർ, അൾത്താര ശുശ്രൂഷികൾ, ഗായക സംഘത്തിലെ അംഗങ്ങൾ ഇടവകകളെയും മിഷനുകളെയും ആത്മീയവും ഭൗതീകവുമായി സഹായിക്കുന്ന നിങ്ങളോരോരുത്തരേയും ആത്മാർത്ഥമായി അഭിനന്ദിക്കുകയും നിങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർത്ഥനാജീവിതവും, വിശ്വാസതീക്ഷണതയും അർപ്പണമനോഭാവവുമൊക്കെയാണ് നമ്മുടെ രൂപതാകുടുംബത്തിന്റെ ഏറ്റവും വലിയ സമ്പത്തും കരുത്തും.

ഇടവ സന്ദർശനവേളയിൽ പലരും എന്നോട് ചോദിച്ച ഒരു ചോദ്യമിതാണ്: ഓസ്ട്രേലിയയിലും ന്യൂസിലാന്റിലുമായി വ്യാപിച്ചു കിടക്കുന്ന സീറോമലബാർ രൂപതയുടെ പ്രാധാന്യവും പ്രസക്തിയുമെന്താണ്?

ഈ ചോദ്യത്തിന്റെ ഉത്തരം നിങ്ങൾ ഓരോരുത്തരുമാണ്. നമ്മുടെ ജീവിത സാക്ഷ്യമാണ് ഇതിന്റെ ഉത്തരം. കാരണം ഞാനും നിങ്ങളും ജനിച്ച ഭവനവും നമ്മെ വളർത്തിയ മാതാപിതാക്കളേയും നാം ബോധപൂർവ്വം തിരഞ്ഞെടുത്തതായിരുന്നില്ല. മറിച്ച് അത് ദൈവത്തിന്റെ ഇഷ്ടമായിരുന്നു, പദ്ധതിയായിരുന്നു. അതുപോലെ തന്നെ നാമൊക്കെ സീറോമലബാർ കുടുംബത്തിലെ അംഗങ്ങളായത് നമ്മുടെ ഇഷ്ടമായിരുന്നില്ല. അത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. വി. തോമാശ്ലീഹായിൽ നിന്ന് ലഭിച്ച നമ്മുടെ വിശ്വാസ പാരമ്പര്യവും, ദൈവാനുഭവുവും നമ്മുടെ പൂർവ്വികർ കൈമോശം വരാതെ നമ്മെ ഏൽപ്പിച്ചിരിക്കുന്നത് നഷ്ടപ്പെടുത്താനല്ല മറിച്ച്, കാത്തുസൂക്ഷിക്കുവാനും അടുത്ത തലമുറയ്ക്ക് തീക്ഷ്ണതയോടെ പകർന്നു നൽകുവാനുമാണ്. പൗരസ്ത്യ തിരുസംഘത്തിന്റെ തലവനായിരുന്ന ഭാഗ്യസ്മരണാർഹനായ കാർഡിനൽ ടിസറന്റ് സീറോമലബാർ സഭയെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞത് ഇപ്രകാരമായിരുന്നു. “I love your Church becasue I know your history.” നമ്മുടെ സഭ

യുടെ പൈതൃകവും, ആത്മീയതയും അറിയുന്നവർക്ക് സഭാമാതാവിനെക്കുറിച്ച് അഭിമാനിക്കാതിരിക്കുവാൻ കഴിയുകയില്ല. ഈ പ്രവാസദേശത്ത് നമ്മുടെ വിശ്വാസജീവിതങ്ങൾ വരും തലമുറയ്ക്കും, ഇവിടെയുള്ള മറ്റ് ജനങ്ങൾക്ക് മാതൃകയാകണം. ഇതു തന്നെയാണ് സീറോ മലബാർ രൂപതയുടെ ഇവിടുത്തെ പ്രാധാന്യവും പ്രസക്തിയും.

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുവാനായി നമ്മുടെ ഇടവകകളെയും മിഷനുകളെയു നാലു ഫൊറോനകളായി തിരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

1) Queensland - Brisbane South (Forane) - Brisbane North, Cairns, Caboolture, Gold Cost, Ipswich, Springfield, Sunshine Coast, Toowoomba, Townsville. Forane Vicar – **Fr Abraham Nadukunnel.**

2) New South Wales - Paramatta (Forane) - Villa Wood, Campbelltown, Penrith, Gosford, Bowral, Goulburn, Newcastle, Nowra, Orange, Terry Hills, Wagga Wagga, Wollongong, Wyoming, Wyong and Canberra. Forane Vicar – **Fr Mathew Areeplackal.**

3) Victoria - Melbourne Cathedral (Forane) - Melbourne South East, Melbourne West, Geelong, Shepparton, Bendigo, Ballarat, Hobart and Mildura. Forane Vicar – **Fr Varghese Vavolil.**

4) South Australia - Adelaide Central (Forane) - Adelaide South, Adelaide North, Darwin and Alice Springs. Forane Vicar – **Fr Siby Pulickal.**

ഇനിമുതൽ ഫൊറോനാവികാരിമാരിയിരിക്കും അതതു ഫൊറോനകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. അവർക്ക് എല്ലാവിധ പിന്തുണയും സഹായങ്ങളും നമുക്ക് നൽകാം.

ഈ അവസരത്തിൽ ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

മിശിഹായിൽ,

മാർ ജോൺ പനംതോട്ടത്തിൽ C.M.I

ഈ സർക്കുലർ 2023 ഡിസംബർ 3–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.